സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 60 ലക്കം: 264 2026 ജനുവരി 31 ശനി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

സി.ജെ റോയിയുടെ സംസ്കാരം ഇന്ന്

തൃശ്ശൂർ: ബെംഗളൂരു, ആദായ വകുപ്പ് പരിശോധനയ്ക്കിടെ ജീവനൊടുക്കിയ കോൺഫിഡന്റ് ഗ്രൂപ്പ് ഉടമ സി.ജെ റോയിയുടെ സംസ്കാരം ഇന്ന് നടക്കും. കോറമംഗലയിലെ ദേവാലയത്തിൽ ആണ് സംസ്കാരം. പോസ്റ്റുമോർട്ടത്തിന് ശേഷം ബെംഗളൂരു ബോറിംഗ് ആശുപത്രിയിൽ നിന്നും മൃതദേഹം കോറമംഗലയിലെത്തിക്കും. സഹോദരൻ സി.ജെ ബാബുവിന്റെ വീട്ടിൽ ഉച്ചക്ക് ഒരു മണിവരെ പൊതുദർശനം ഉണ്ടാകും. റോയിയുടെ മരണത്തിൽ അശോക് നഗർ പൊലീസ് കേസെടുത്ത് അന്വേഷണം നടന്നുവരുന്നു. ഉദ്യോഗസ്ഥരുടെ മാനസിക പീഡനത്തെ തുടർന്നാണ് റോയ് ജീവനൊടുക്കിയതെന്ന് റോയിയുടെ സഹോദരൻ സി.ജെ ബാബുആരോപിച്ചു. റോയ് മരിച്ചിട്ടും ആദായ വകുപ്പ് ഉദ്യോഗസ്ഥർ റെയ്ഡ് തുടർന്നുവെന്നും കുടുംബം ആരോപിച്ചിരുന്നു. ഇക്കാര്യം ഉന്നയിച്ച് പൊലീസിൽ പരാതിയും നൽകി. പരിശോധന നടത്തിയ അന്വേഷണ ഉദ്യോഗസ്ഥരുടെ മൊഴി ഇന്ന് രേഖപ്പെടുത്തിയേക്കും.

റോയിയുമായി ബന്ധമുള്ള സിനിമാതാരങ്ങളെയും കേന്ദ്ര ഏജൻസികൾ നിരീക്ഷണത്തിലാക്കി

റെയ്ഡുകൾക്കുപിന്നിൽ ദുരൂഹത

കൊച്ചി: ഇന്ത്യയിലെ ശതകോടീശ്വരൻമാരുടെ പട്ടികയിൽ ഇടംപിടിച്ച മലയാളി വ്യവസായിയും കോൺഫിഡന്റ് ഗ്രൂപ്പ് ഉടമയുമായ സി ജെ റോയിയുടെ പുറകേ മാത്രമല്ല അദ്ദേഹവുമായി ബന്ധമുണ്ടായിരുന്ന സിനിമാക്കാരെയും കേന്ദ്ര സാമ്പത്തിക കുറ്റാന്വേഷണ ഏജൻസികൾ നിരീക്ഷണത്തിലാക്കിയിരുന്നതായി റിപ്പോർട്ട്. ഇതിൽ ചില മലയാള ചലച്ചിത്രപ്രവർത്തകരും ഉൾപ്പെട്ടിരുന്നു എന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു. കോൺഫിഡന്റ് ഗ്രൂപ്പിന്റെ ബിസിനസ് ദുബായിയിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ നവംബറിൽ ദുബായിൽ റോയി വൻ പാർട്ടി സംഘടിപ്പിച്ചിരുന്നു. ഇതിൽ പങ്കെടുത്ത ചിലരെയാണ് നിരീക്ഷണത്തിലാക്കിയത്. മരണത്തിന് പിന്നാലെ അന്വേഷണ ഉദ്യോഗസ്ഥർ കസ്റ്റഡിയിലെടുത്ത റോയിയുടെ ഡയറിയിലും സിനിമാക്കാരുടെ ഫോൺനമ്പരും ഇടപാടുകളും രേഖപ്പെടുത്തിയിരുന്നു എന്നും റിപ്പോർട്ടുകളുണ്ട്. എന്നാൽ ഇക്കാര്യത്തിൽ സ്ഥിരീകരണം ലഭിച്ചിട്ടില്ല.

അതേസമയം, കോൺഫിഡന്റ് ഗ്രൂപ്പിന്റെ കോർപ്പറേറ്റ് സ്ഥാപനങ്ങൾ മുഴുവൻ ബംഗളൂരുവിലായിരുന്നിട്ടും കർണാടകയിലെ ഇൻകം ടാക്സ് ഉദ്യോഗസ്ഥരെ മാറ്റിനിറുത്തി കൊച്ചിയിലെ ഉദ്യോഗസ്ഥർ അന്വേഷണവും പരിശോധനകളും നടത്തിയത് എന്തുകൊണ്ടാണെന്നും വ്യക്തമല്ല. റെയ്ഡ് നടത്തിയ സംഘത്തിലെ ഒരുദ്യോഗസ്ഥൻ റോയിയെ സമ്മർദ്ദത്തിലാക്കിയെന്നും ആരോപണമുണ്ട്. എന്തുകൊണ്ടാണ് കൊച്ചി യൂണിറ്റ് റെയ്ഡ് നടത്തിയെന്നതോ ഉദ്യോഗസ്ഥർ റോയിയെ സമ്മർദ്ദത്തിലാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കാൻ ബന്ധപ്പെട്ടവർ ഇതുവരെ തയ്യാറായിട്ടുമില്ല. ഇൻകം ടാക്സ് ഉൾപ്പെടെയുള്ള കേന്ദ്ര ഏജൻസികൾ റോയിയെ വിടാതെ പിന്തുടർന്നിരുന്നു എന്നും അദ്ദേഹത്തോട് അടുപ്പമുള്ള ചിലർ വ്യക്തമാക്കുന്നുണ്ട്.

റിയൽ എസ്റ്റേറ്റ് സംരംഭങ്ങളുടെ ഫണ്ട് സമാഹരണവുമായി ബന്ധപ്പെട്ട റെയ്ഡാണ് നടത്തിവന്നത് എന്നാണ് അധികൃതർ പറയുന്നത്. കേരളത്തിൽ നിന്നുള്ള ഉദ്യോഗസ്ഥർ ഡിസംബർ 28നാണ് ആദ്യ റെയ്ഡ് നടത്തിയത്. ജനുവരി 22ന് വീണ്ടുമെത്തി റെയ്ഡ് തുടരുകയും ഓഫീസ് മുറി മുദ്ര വയ്ക്കുകയും ചെയ്തു. മൂന്നു ദിവസം മുമ്പ് വീണ്ടും എത്തുകയും രേഖകൾ കസ്റ്റഡിയിലെടുക്കാനുള്ള നടപടികളിലേക്ക് കടക്കുകയും ചെയ്തു. ഇതിനിടെ നിരവധി തവണ റോയ് ചോദ്യം ചെയ്യലിന് വിധേയനായി.

ആദായ നികുതിവകുപ്പിന്റെ റെയ്ഡ് നടക്കവേ ബംഗളൂരുവിലെ ആനേപാളയ്ക്കടുത്ത് ഹൊസൂർ റോഡിൽ റിച്ച് മണ്ട് സർക്കിളിലെ കോൺഫിഡന്റ് ഗ്രൂപ്പിന്റെ കോർപ്പറേറ്റ് ഓഫീസിൽ ഇന്നലെ വൈകിട്ട് 3.15 ഓടെ സ്വയം നിറയൊഴിച്ചാണ് റോയി ജീവനൊടുക്കിയത്. ഇന്നലെ വൈകിട്ട് പരിശോധന അവസാനിക്കുമ്പോൾ കസ്റ്റഡിയിലെടുക്കുമെന്ന ആശങ്കയുണ്ടായിരുന്നു എന്നാണ് വിവരം. മുദ്രവച്ച ലോക്കറിന്റെ താക്കോൽ എടുക്കാൻ സ്വന്തം ചേംബറിലേക്ക് പോയ റോയ്, തോക്ക് നെഞ്ചോട് ചേർത്ത് നിറയൊഴിക്കുകയായിരുന്നു.

അതേസമയം സി.ജെ.റോയിയുടെ മരണത്തിൽ കുടുംബാംഗങ്ങളുടെ മൊഴി കർണാടക പൊലീസിലെ ക്രിമിനൽ ഇൻവെസ്റ്റിഗേഷൻ ഡിപ്പാർട്ട്മെൻറ് രേഖപ്പെടുത്തി. ബെംഗളൂരു ഹലസുരുവിലെ ഹോട്ടലിലാണ് മൊഴി രേഖപ്പെടുത്തുന്നത്. റോയിയുടെ ഡയറി അന്വേഷണസംഘം കസ്റ്റഡിയിലെടുത്തു. ബന്ധുക്കൾ വിദേശത്ത് നിന്ന് എത്തേണ്ടതിനാൽ റോയിയുടെ സംസ്കാരം നാളത്തേക്ക് മാറ്റി.

ആത്മഹത്യ ചെയ്യേണ്ട പ്രശ്നങ്ങളോ കടമോ സി.ജെ.റോയിക്കില്ലെന്ന് സഹോദരൻ സി.ജെ.ബാബു പറഞ്ഞു. ഇന്നലെ രാവിലെ വിളിച്ച് കാണണമെന്ന് ആവശ്യപ്പെട്ടിരുന്നു. 28 മുതൽ സ്ഥാപനങ്ങളിൽ ആദായനികുതി വകുപ്പിന്റെ റെയ്ഡ് ഉണ്ടായിരുന്നു. ഉദ്യോഗസ്ഥരിൽ നിന്ന് മാനസിക പീഡനം ഉണ്ടായി. നിയമനടപടികൾ അടക്കമുള്ള കാര്യങ്ങൾ കുടുംബവുമായി ആലോചിച്ച് തീരുമാനിക്കുമെന്നും ബാബു പറഞ്ഞു.

ചെങ്കോട്ട സ്ഫോടനത്തിനുശേഷം ഭീകരർ ഗ്ലോബൽ കോഫി ഷോപ്പുകളും ലക്ഷ്യമിട്ടു; പൊളിച്ചത് 4 വർഷംനീണ്ട ആസൂത്രണം

ഡൽഹി: 2025 നവംബർ 10-ന് ഡൽഹി ചെങ്കോട്ടയ്ക്ക് സമീപം നടന്ന കാർ സ്ഫോടനവുമായി ബന്ധപ്പെട്ട് രാജ്യവ്യാപകമായ ഭീകരാക്രമണ ഗൂഢാലോചന നടന്നതായി അന്വേഷണ സംഘം. രാജ്യത്തെ പ്രമുഖ ഗ്ലോബൽ കോഫി ചെയിൻ ഔട്ട്ലെറ്റുകളിൽ സ്ഫോടന പരമ്പര നടത്താനായിരുന്നു പ്രതികൾ ആദ്യം പദ്ധതിയിട്ടിരുന്നതെന്ന നിർണായക വിവരമാണ് അന്വേഷണ സംഘത്തിന് ലഭിച്ചിരിക്കുന്നത്.

ഗാസയിലെ ഇസ്രായേൽ സൈനിക നടപടിക്ക് സ്ഫോടനങ്ങളിലൂടെ മറുപടി നൽകുക എന്നതായിരുന്നു ഗ്ലോബൽ കോഫി ഷോപ്പുകളെ ലക്ഷ്യംവെക്കാനുള്ള പ്രധാന കാരണം. എന്നാൽ, ലക്ഷ്യസ്ഥാനങ്ങളെപ്പറ്റി ഭീകരർക്കിടയിൽ അഭിപ്രായ ഭിന്നതകൾ ഉണ്ടായി. സംഘത്തിലെ ചിലർക്ക് ജമ്മു കശ്മീരിലെ സുരക്ഷാ സൈന്യത്തെ ലക്ഷ്യംവച്ച് സ്ഫോടനം നടത്തണമെന്നായിരുന്നു താൽപ്പര്യമെന്നും അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. കഴിഞ്ഞ നാല് വർഷമായി രഹസ്യമായി പ്രവർത്തിച്ചിരുന്ന ഈ 'വൈറ്റ് കോളർ' ഭീകര സംഘം രാജ്യത്തിന് വലിയ സുരക്ഷാ ഭീഷണിയാണ് ഉയർത്തിയിരുന്നത്.

ജമ്മു കശ്മീർ പോലീസിൽ നിന്ന് ലഭിച്ച രഹസ്യവിവരങ്ങളാണ് ഡൽഹിയ്ക്ക് ശേഷം ഭീകരർ നടത്താനിരുന്ന തുടർപദ്ധതികൾക്ക് തടയിട്ടത്. കഴിഞ്ഞ നവംബർ, ഡിസംബർ മാസങ്ങളിൽ ഡൽഹി, ഉത്തർപ്രദേശ്, ഹരിയാന എന്നിവിടങ്ങളിൽ നടപ്പിലാക്കാൻ നിശ്ചയിച്ചിരുന്ന നിരവധി ഭീകരാക്രമണ പദ്ധതികളാണ് ഇതുവഴി പരാജയപ്പെടുത്തിയത്. ഖലയുടെ കൂടുതൽ കണ്ണികളെ കണ്ടെത്താനുള്ള അന്വേഷണം ഇപ്പോഴും തുടരുകയാണെന്ന് സുരക്ഷാ ഏജൻസികൾ അറിയിച്ചു.

താൻ ജീവനൊടുക്കില്ലെന്ന് കൗൺസലർക്ക് യുവതിയുടെ സന്ദേശം; നിർണായകം

കോഴിക്കോട്: മാളിക്കടവിൽ ഒരുമിച്ച് മരിക്കാനായി വിളിച്ച് യുവതിയെ കൊലപ്പെടുത്തിയ സംഭവത്തിൽ നിർണായക തെളിവ്. യുവതി കൊല്ലപ്പെട്ട ദിവസം കൗൺസലർക്ക് അയച്ച വാട്സാപ് സന്ദേശമാണ് നിർണായകമായത്. താനൊരിക്കലും ആത്മഹത്യ ചെയ്യില്ലെന്നും മരിച്ചാൽ ഉത്തരവാദി വൈശാഖൻ ആയിരിക്കുമെന്നും യുവതി സന്ദേശത്തിൽ പറയുന്നു. യുവതി കൊല്ലപ്പെട്ട ദിവസം രാവിലെയാണ് കൗൺസലർക്ക് സന്ദേശമയച്ചത്.

സന്ദേശത്തിനൊപ്പം തന്റെ ഡയറിയിൽ നിന്നും ഒരു പേജ് കീറി ഫോട്ടോയെടുത്തും അയച്ചിരുന്നു. പതിനാറാം വയസുമുതൽ വൈശാഖൻ തന്നെ പീഡിപ്പിക്കുന്ന വിവരം ഉൾപ്പെടെ എഴുതിയ കുറിപ്പാണ് അയച്ചുകൊടുത്തത്. നിരന്തരം വിവാഹ അഭ്യർത്ഥന നടത്തിയതിനെത്തുടർന്ന് വൈശാഖനാണ് യുവതിയെ ദിവസങ്ങൾക്ക് മുൻപ് കൗൺസലിങ് സെന്ററിൽ എത്തിച്ചത്. ഭാര്യയാണെന്ന് പരിചയപ്പെടുത്തിയാണ് യുവതിയെ എത്തിച്ചതെന്നും കൗൺസലർ പൊലീസിന് മൊഴി നൽകി.

എന്നാൽ രണ്ടുദിവസം കഴിഞ്ഞ് താൻ വൈശാഖന്റെ ഭാര്യയല്ലെന്നും തന്റെ അവസ്ഥ വിവരിച്ചും യുവതി കൗൺസിലറെ വിളിച്ച് സംസാരിച്ചിരുന്നു. അതേസമയം ഈ സന്ദേശം കൗൺസിലർ കാണുന്നത് യുവതി കൊല്ലപ്പെട്ട ദിവസം വൈകിട്ടാണ്. ഉടൻ തന്നെ പൊലീസിനെ വിളിച്ച് വിവരം കൈമാറുകയായിരുന്നു. വർഷങ്ങളായി യുവതിയെ വിവാഹവാഗ്ദാനം നടത്തി പീഡിപ്പിച്ച വൈശാഖൻ വിവാഹിതനായിരുന്നു. യുവതിയെ ഒഴിവാക്കാൻ പലതവണ ശ്രമിച്ചിരുന്നു.

ഒടുവിൽ ഒന്നിച്ചു ജീവിക്കാനാവില്ല. ഒന്നിച്ചു മരിക്കാമെന്ന് പറഞ്ഞാണ് വർക്ക്ഷോപ്പിലേക്ക് യുവതിയെ വിളിച്ചത്. ഒരുമിച്ച് മരിക്കാൻ കയറിൽ കുരുക്കിട്ട ശേഷം യുവതിയുടെ സ്റ്റൂൾ തട്ടിമാറ്റി. ഇയാൾ പിന്നീട് ഭാര്യയെ വിളിച്ച് മൃതദേഹം മാറ്റുന്ന സിസിടിവി ദൃശ്യങ്ങൾ പുറത്തുവന്നിരുന്നു.

അതിവേഗ ട്രെയിൻ വരട്ടെ, നല്ലപദ്ധതി ആരുകൊണ്ടുവന്നാലും പിന്തുണ; സ്പ്രിംക്ലർ ഉപേക്ഷിച്ചത് പിണറായി: സതീശൻ

തിരു: കേരളത്തിൽ അതിവേഗ ട്രെയിൻ കൊണ്ടുവരുന്നതിന് തങ്ങളാരും എതിരല്ലെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ. അതിവേഗ ട്രെയിൻ വരണം. കേരളത്തിന്റെ അടിസ്ഥാനസൗകര്യം മാറണം. പക്ഷേ, അതിന് പാരിസ്ഥിതികമായി പരിശോധന നടത്തി സാമ്പത്തികമായി കേരളത്തിന് താങ്ങാൻ പറ്റുന്നൊരു പദ്ധതി വരട്ടെ. ഇനി അത് കേന്ദ്രം കൊണ്ടുവന്നാലും. ഇനി ഇപ്പോൾ കേരളസർക്കാരിന് കൊണ്ടുവരാൻ ഒന്നുമില്ലല്ലോ. പോകുന്ന പോക്കിലാണ് ഇത് പറഞ്ഞത്, സതീശൻ പരിഹസിച്ചു.

ഒരു പ്രാരംഭ പഠനംപോലും നടത്താതെയാണ് ആർആർടിഎസ് പ്രഖ്യാപിച്ചതെന്നും മുഖ്യമന്ത്രി പറഞ്ഞിരുന്നു. ഏത് നല്ല പദ്ധതി ആര് കൊണ്ടുവന്നാലും ഞങ്ങൾ അതിനെ പിന്തുണയ്ക്കും, അദ്ദേഹം കൂട്ടിച്ചേർത്തു. കേരളത്തിൽ പാരിസ്ഥിതിക ദുരന്തമുണ്ടാക്കും എന്നതിനാലാണ് സിൽവർ ലൈൻ പദ്ധതിയെ അന്ന് എതിർത്തത്. കേന്ദ്രം ഒരു പദ്ധതി കൊണ്ടുവരുമെന്ന് പറഞ്ഞപ്പോൾ അതിനെ എതിർക്കുന്നില്ലെന്ന് ഞങ്ങൾ പറഞ്ഞു. പദ്ധതി എന്താണെന്ന് അറിയട്ടേ, നോക്കാം എന്ന് പറഞ്ഞു. അത് പറഞ്ഞ് പിറ്റേദിവസം, സംസ്ഥാന സർക്കാരിന്റെ പദ്ധതിയെ എതിർത്തു കേന്ദ്രത്തിന്റെ പദ്ധതിയെ അനുകൂലിച്ചു എന്നായിരുന്നു സാമൂഹികമാധ്യമങ്ങളിലെ പ്രചാരണം, സതീശൻ പറഞ്ഞു.

ഇ. ശ്രീധരനെപോലൊരു ആളാണ് അതിവേഗ റെയിൽ പദ്ധതിയേക്കുറിച്ച് പറഞ്ഞത്.



അത് വരട്ടെ നോക്കാം, എന്നാണ് പറഞ്ഞത്. അതോടെ വ്യവസായമന്ത്രി ഉൾപ്പെടെയുള്ളവർ രംഗത്തെത്തി. ഇ. ശ്രീധരൻ മുന്നോട്ടുവെച്ച പദ്ധതിയെകുറിച്ച് കേന്ദ്രത്തിനോട് പറഞ്ഞിരുന്നു എന്നാണ് ഇപ്പോൾ മുഖ്യമന്ത്രി പറയുന്നത്. അപ്പോൾ മുഖ്യമന്ത്രിക്ക് പറയാം, എനിക്ക് പറഞ്ഞുകൂടാ? ഇപ്പോൾ ശ്രീധരനെ പിടിക്കുന്നില്ല. മുൻപ് ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരുന്ന സമയത്ത് കൊച്ചി മെട്രോ പദ്ധതിയിൽനിന്ന് നീക്കാൻ പോകുന്നുവെന്ന് പറഞ്ഞ് സമരം ചെയ്തവരാണ് ഇവർ. ആരും മാറ്റാൻ ഉദ്ദേശിച്ചിരുന്നില്ല. ഇന്നത്തെ വ്യവസായ മന്ത്രി ഉണ്ടാക്കിയ കഥയായിരുന്നു അത്. എന്നിട്ട് അദ്ദേഹംതന്നെ വന്ന് സമരം ചെയ്തു, സതീശൻ പരിഹസിച്ചു.

സ്പ്രിംക്ലർ കേസിൽ താൻ കേസൊന്നും കൊടുത്തിട്ടില്ലെന്നും സതീശൻ പറഞ്ഞു. അതുമായി ബന്ധപ്പെട്ട വിവാദങ്ങൾ പുറത്തുവന്നപ്പോൾ സ്പ്രിംക്ലർ പദ്ധതി വേണ്ടെന്നുവെച്ച് ഇട്ടിട്ട് ഓടിയത് പിണറായി വിജയനാണ്. പദ്ധതി നടപ്പായില്ലല്ലോ, പിന്നെ കോടതി എന്ത് പറയാനാണെന്നും സതീശൻ ആരാഞ്ഞു. നടപ്പാക്കാൻ പോയപ്പോഴാണ് അതിലെ കുഴപ്പങ്ങൾ അന്നത്തെ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ഉൾപ്പെടെയുള്ളവർ ചൂണ്ടിക്കാണിച്ചത്. ഒരു കുഴപ്പവും ആ പദ്ധതിക്ക് ഇല്ലെങ്കിൽ ഇട്ടിട്ട് ഓടിയത് എന്തിനായിരുന്നെന്നും സതീശൻ ആരാഞ്ഞു.

എറണാകുളത്ത് കോൺഗ്രസിനെ തോൽപ്പിക്കുക എളുപ്പമല്ല, പക്ഷേ എനിക്കത് സാധിച്ചു: ഡോ.സെബാസ്റ്റ്യൻപോൾ

കൊച്ചി: സ്ഥാനാർത്ഥിയാകുന്നത് സന്തോഷമുള്ള കാര്യമാണെങ്കിലും പ്രചാരണ കാലഘട്ടം ഒരു 'പീഡാനുഭവം' ആണെന്ന് മുൻ എംപി ഡോ.സെബാസ്റ്റ്യൻ പോൾ. കോൺഗ്രസ് കോട്ടയായ എറണാകുളത്ത് നിന്നും ഇടതുപക്ഷ സ്വതന്ത്രനായി നേടിയ അപ്രതീക്ഷിത വിജയത്തെക്കുറിച്ചുള്ള ഓർമകൾ പങ്കുവെക്കുകയാണ് സെബാസ്റ്റ്യൻ പോൾ. 1997-ലെ ലോക്സഭാ ഉപതെരഞ്ഞെടുപ്പിൽ അദ്ദേഹം മത്സരിക്കുമ്പോൾ താൻ ജയിക്കുമെന്ന് ഉറപ്പിച്ചു പറയാൻ പറ്റാത്ത സാഹചര്യമായിരുന്നു അവിടെ നിലനിന്നിരുന്നത്. എന്നാൽ വലിയ ആധിപത്യമുണ്ടായിരുന്ന കോൺഗ്രസിനെ പരാജയപ്പെടുത്തുക എന്നത് വലിയൊരു വെല്ലുവിളിയായിരുന്നു. അന്ന് കോൺഗ്രസിനെ തോൽപ്പിക്കുകയും ഒരു കോൺഗ്രസ് അനുകൂല മണ്ഡലത്തിൽ നിന്ന് തുടർച്ചയായി മൂന്ന് തവണ ലോക്സഭയിലേക്ക് വിജയിക്കുക എന്നത് വലിയൊരു കാര്യമായാണ് കാണുന്നതെന്നും അദ്ദേഹം പറയുന്നു.

ഏകദേശം 30 ദിവസത്തോളം വെയിലും മഴയും മഞ്ഞും സഹിച്ച് പ്രചാരണ വാഹനങ്ങളിലും അല്ലാതെയും വോട്ടർമാരെ നേരിൽ കാണാൻ നടക്കേണ്ടി വരുന്നത് വലിയ ശാരീരിക അധ്വാനമാണ്. കൃത്യസമയത്ത് ഭക്ഷണം കഴിക്കാൻ പോലും സാധിക്കാത്ത അത്തരം സാഹചര്യങ്ങൾ ഒരു ദുരിതാനുഭവമാണെന്ന് കൂടി ഓർക്കുകയാണ് അദ്ദേഹം.

പത്താംക്ലാസ് സിലബസ് 25% കുറയ്ക്കും, പരിഷ്കരണം ഉള്ളടക്കത്തിൽ മാറ്റം വരുത്താതെ: വി. ശിവൻകുട്ടി

കൊല്ലം: സംസ്ഥാനത്തെ പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക് ആശ്വാസകരമായ പ്രഖ്യാപനവുമായി വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി. അടുത്ത അധ്യയന വർഷം മുതൽ പത്താം ക്ലാസ് സിലബസിൽ 25 ശതമാനത്തിന്റെ കുറവ് വരുത്തുമെന്ന് മന്ത്രി അറിയിച്ചു. തേവലക്കര ബോയ്സ് ഹൈസ്കൂളിന് സമീപം വൈദ്യുതി ലൈനിൽ നിന്ന് ഷോക്കേറ്റ് മരിച്ച മിഥുന്റെ കുടുംബത്തിനായി നിർമ്മിച്ച 'സ്നേഹവീടിന്റെ' താക്കോൽദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

സിലബസ് ഭാരത്തേക്കുറിച്ചുള്ള വിദ്യാർത്ഥികളുടെ നിരന്തരമായ പരാതികൾ പരിഗണിച്ചാണ് തീരുമാനം. പാഠഭാഗങ്ങളുടെ ഉള്ളടക്കത്തിൽ മാറ്റം വരുത്താതെ തന്നെ സിലബസ് പരിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നത്. കരിക്കുലം കമ്മിറ്റി ഈ മാറ്റത്തിന് അംഗീകാരം നൽകിക്കഴിഞ്ഞതായും മന്ത്രി വ്യക്തമാക്കി.

ഓട്ടോ മതിലിലിടിച്ച് ഡ്രൈവർക്ക് പരിക്ക്

തൃശ്ശൂർ:മാള കുഴൂരിൽ നിയന്ത്രണം തെറ്റിയ ഓട്ടോറിക്ഷ മതിലിൽ ഇടിച്ച് ഡ്രൈവർക്ക് പരിക്ക്. പട്ടേപ്പാടം സ്വദേശി കുട്ടൻചിറ പറമ്പിൽ ബീരാനാണ് പരിക്കേറ്റത്.

മരിച്ചനിലയിൽ കണ്ടെത്തി

കുന്നംകുളം: കൊടുങ്ങല്ലൂർ എടവിലങ്ങിൽ കടപ്പുറത്ത് യുവാവിനെ മരിച്ച നിലയിൽ കണ്ടെത്തി. കാര പുതിയ റോഡ് ബീച്ച് സ്വദേശി ജോഫി ആണ് മരിച്ചത്.

സ്വർണവിലയിൽ വൻ ഇടിവ്! പവന് കുറഞ്ഞത് 6000ത്തിലേറെ

കൊച്ചി: കുതിച്ചുകയറ്റത്തിന് പിന്നാലെ സ്വർണവിലയിൽ ഇന്ന് ആശ്വാസം. കഴിഞ്ഞ ദിവസത്തെ ട്രെൻഡ് പിടിച്ച് 6320 രൂപയാണ് പവന് കുറഞ്ഞത്. ഗ്രാമിന് 790 രൂപയും കുറഞ്ഞു. 1,17,760 രൂപയാണ് ഇന്ന് ഒരു പവൻ സ്വർണത്തിന്റെ വില. ഗ്രാമിന് 14,720 രൂപയും. ഇന്നലെ പവന് 1,24,080 ആയിരുന്നു വില. ജനുവരി 23ന് ശേഷം ഇന്നലെയും ഇന്നും മാത്രമാണ് സ്വർണവിലയിൽ ഇടിവ് സംഭവിച്ചത്. രാജ്യാന്തര വിപണിയിലെ വിൽപ്പന സമ്മർദമാണ് ഇടിവിന് കാരണമെന്നാണ് കരുതുന്നത്.

അതേസമയം, വെള്ളി വിലയിൽ ഇടിവ് സർവകാല റെക്കോർഡിലാണ്. ഒറ്റ ദിവസം കൊണ്ട് അര ലക്ഷത്തിലേറെ രൂപയാണ് ഒരു കിലോ വെള്ളിക്ക് ഇടിഞ്ഞത്. വെള്ളി ഗ്രാമിന് 350 രൂപയും കിലോയ്ക്ക് മൂന്നര ലക്ഷം രൂപയുമാണ് ഇന്നത്തെ വില. ഇന്നലെ കിലോയ്ക്ക് നാലു ലക്ഷത്തിന് മുകളിലായിരുന്നു വില. ഈ ആഴ്ചയിൽ ആദ്യം സ്വർണവില ഔൺസിന് 5600 ഡോളറായിരുന്നു. വെള്ളിയാഴ്ചയായതോടെ ഇത് 4.7 ശതമാനം ഇടിഞ്ഞ് 5143.40 ഡോളറായി.

യുക്രെയ്ൻ-റഷ്യ യുദ്ധം സമാധാനപരമായി അവസാനിക്കാനുള്ള സാധ്യതകളും അമേരിക്കൻ വിപണിയിലെ വിലക്കയറ്റം പിടിച്ച് നിർത്താനുള്ള നടപടികളും അടിയന്തരമായി സ്വീകരിക്കപ്പെടുന്നതോടെ സ്വർണം, വെള്ളി വിലകൾ ഇനിയും കുറഞ്ഞേക്കാമെന്നും വിലയിരുത്തലുണ്ട്.

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ

(TMC) O.S. 2873/2018

EP: 151/2025

ഷെയർവെൽത്ത് ചിറ്റ്സ് ലിമിറ്റഡ്

-വിധി ഉടമ

5) മുകുന്ദപുരം താലൂക്ക് തൊറവ് വില്ലേജ് പുതുക്കാട് ദേശത്ത് ചൂണ്ടക്കാട്ടിൽ ദേവസ്സി മകൻ ഷാജു സി ഡി

-5-ാം എതൃകക്ഷി

മേൽനമ്പ്ര് വിധി നടത്തുഹരജി കാര്യത്തിൽ 5-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്തുവാൻ കല്പിച്ച് കേസ് 13-02-2026 തിയ്യതിയ്ക്ക് വിചാരണക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ഇക്കാര്യത്തിൽ എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേ ദിവസം പകൽ 11 മണിക്ക് ബഹുമാനപ്പെട്ട കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതും അല്ലാത്ത പക്ഷം നിങ്ങളെ കൂടാതെ കേസ് തീർപ്പാക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന് 30-01-2026

വിധി ഉടമ ഭാഗം അഡ്വക്കേറ്റ്

K.J. BIJU (ഒപ്പ്)

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ

O.S. 2864/2018 (TMC)

EP: 149/2025

ഷെയർവെൽത്ത് ചിറ്റ്സ് ലിമിറ്റഡ്

-വിധി ഉടമ

5) മുകുന്ദപുരം താലൂക്ക് തൊറവ് വില്ലേജ് പുതുക്കാട് ദേശത്ത് ചൂണ്ടക്കാട്ടിൽ ദേവസ്സി മകൻ ഷാജു സി ഡി

-5-ാം എതൃകക്ഷി

മേൽനമ്പ്ര് വിധി നടത്തുഹരജി കാര്യത്തിൽ 5-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്തുവാൻ കല്പിച്ച് കേസ് 13-02-2026 തിയ്യതിയ്ക്ക് വിചാരണക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ഇക്കാര്യത്തിൽ എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേ ദിവസം പകൽ 11 മണിക്ക് ബഹുമാനപ്പെട്ട കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതും അല്ലാത്ത പക്ഷം നിങ്ങളെ കൂടാതെ കേസ് തീർപ്പാക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന് 30-01-2026

വിധി ഉടമ ഭാഗം അഡ്വക്കേറ്റ്

K.J. BIJU (ഒപ്പ്)

പരസ്യം

തൃശ്ശൂർ ജില്ല, വെള്ളാനിക്കര വില്ലേജ്, വെള്ളാനിക്കര ദേശത്ത് പി.ഒ. മാടക്കത്തറ (വെസ്റ്റ് വെള്ളാനിക്കര) തെക്കേകര ബെന്നി ഭാര്യയും തലപ്പിള്ളി താലൂക്ക് പെരിങ്ങണ്ടൂർ വില്ലേജ് തിരുത്തിപറമ്പ് ദേശത്ത് പുത്തൂക്കര മരിച്ച ലൂവീസ് മകൾ 57 വയസ്സ്, സ്വസ്ഥം ലിസ്സി എന്നവർ ഇതിനാൽ അറിയിക്കുന്നത്.

എന്റെ ഉടമസ്ഥ കൈവശത്തിൽ ഇരുന്ന തലപ്പിള്ളി താലൂക്ക്, മിണാലൂർ വില്ലേജ് പഴയ സർവ്വെ 152 ഭാഗത്തിൽപ്പെട്ടതും റീസർവ്വെ 1/4, 1/6 ൽ പ്പെട്ടതുമായ വഹകളുടെ വടക്കാഞ്ചേരി എസ്സ്. ആർ.ഒ 1985 ലെ 865 നമ്പർ തീറാധാരം എന്റെ കൈവശത്തിരിക്കെ ചിതലരിച്ചു പൊടിഞ്ഞു പോയത് കൊണ്ട് ഞാൻ വടക്കാഞ്ചേരി എസ്സ്. ആർ.ഒ യിൽ നിന്ന് 2585/2022 നമ്പറായി 2-11-2022 തീയ്യതി ലഭ്യമാക്കിയ സർട്ടിഫൈഡ് കോപ്പി പ്രസ്തുത അസ്സലിന് പകരം മേലാൽ ക്രയവിക്രയങ്ങൾക്ക് ഉപയോഗിക്കുന്നതിന് ഉദ്ദേശിക്കുന

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ഗാന്ധി ദർശൻ വേദി

ഇരിങ്ങാലക്കുട : ഗാന്ധി ദർശൻ വേദി ഇരിങ്ങാലക്കുട നിയോജകമണ്ഡലം കമ്മിറ്റി മഹാത്മാഗാന്ധി രക്ത സാക്ഷി ദിനാചരണവും, ഗാന്ധിസ്മൃതി സംഗമവും നടത്തി.

ഗാന്ധിയൻ മൂല്യങ്ങളും ആശയങ്ങളും കേന്ദ്ര ഭരണാധികാരികൾക്ക് അസ്വസ്ഥതയും അസഹിഷ്ണതയും സൃഷ്ടിക്കുന്നതിന്റെ ഉത്തമോദാഹരണമാണ് ഗ്രാമീണ ദാരിദ്ര നിർമ്മാർജ്ജനവും, സ്ത്രീ ശാക്തീകരണവും ലക്ഷ്യമിട്ട് കോൺഗ്രസ് സർക്കാർ കൊണ്ടുവന്ന തൊഴിലുറപ്പ് പദ്ധതിയിലെ മഹാത്മാഗാന്ധിയുടെ പേര് നീക്കം ചെയ്യുന്നതിനുള്ള അപക്വ തീരുമാനമെന്നും ഇന്ത്യയുടെ ആത്മാവിൽ നിറഞ്ഞുനിൽക്കുന്ന ഗാന്ധി എന്ന അത്ഭുത പ്രതിഭാസത്തെ ആര് വിചാരിച്ചാലും മായ്ച്ച് കളയാൻ കഴിയില്ലെന്നും യോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് ഗാന്ധിദർശൻ വേദി ജില്ലാ വൈസ് ചെയർമാൻ പി.കെ.ജിനൻ അഭിപ്രായപ്പെട്ടു. ജില്ലാ സെക്രട്ടറി എം. സനൽകുമാർ, നിയോജക മണ്ഡലം സെക്രട്ടറി എ.സി. സുരേഷ് , കെ. കെ. ഷൗക്കത്തലി, ടി. എസ്. പവിത്രൻ, എം.ഒ. ജോൺ, ജോൺസൻ മാടവന എന്നിവർ പ്രസംഗിച്ചു.

വാഹനാപകടത്തിൽ ഡ്രൈവർക്ക് പരിക്ക്

ഒല്ലൂർ: കെഎസ്ആർടിസി ബസും ഓട്ടോ ടാക്സിയും കൂട്ടിയിടിച്ച് ഓട്ടോ ടാക്സി ഡ്രൈവർക്ക് പരിക്കേറ്റു. വാഹനത്തിനുള്ളിൽ കുടുങ്ങിയ ഡ്രൈവറെ ഫയർ ഫോഴ്സ് എത്തിയാണ് പുറത്തെടുത്തത്

അക്ഷരായനം - നവകം 2025, മികച്ച വായനക്കാരേയും മികച്ച ലൈബ്രേറിയൻമാരേയും ആദരിച്ചു

തൃശൂർ: അക്ഷരായനം - നവകം 2025, മികച്ച വായനക്കാരേയും, മികച്ച ലൈബ്രേറിയൻമാരേയും ആദരിച്ചു പുതു തലമുറയെ വായനയുടെ ലോകത്തേക്ക് നയിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന വായന കൂട്ടായ്മ അക്ഷരായനത്തിന്റെ ഒൻപതാമത് വാർഷികം - നവകം 2025 തൃശൂർ വിവേകോദയം ഹയർ സെക്കന്ററി സ്കൂളിൽ വെച്ച് വിപുലമായ ചടങ്ങുകളോടെ ആഘോഷിക്കപ്പെട്ടു.

അക്ഷരായനം ചെയർ പേഴ്സൺ യശോധരൻ മാഷ് സ്വാഗതം പ്രസംഗവും അക്ഷരായനം സ്വാഗത സംഘം ചെയർമാൻ ഡോ. സി.കെ. രാവുണ്ണി മാഷ് അദ്ധ്യക്ഷതയും വഹിച്ച ചടങ്ങിൽ കവിയും എഴുത്തുകാരനുമായ കേരളത്തിന്റെ ഉത്തരാധുനിക കവി എന്ന് വിശേഷിപ്പിക്കാവുന്ന ഡോ.പി. എൻ ഗോപീകൃഷ്ണൻ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു.

പുസ്തകത്തിന്റെ കണ്ടു പിടുത്തമാണ് ലോകത്തിലെ ഏറ്റവും പ്രധാന കണ്ടുപിടുത്തം.

പുസ്തകങ്ങൾ ആശയങ്ങളുടെ സംഗീതമാണ് പുറപ്പെടുവിക്കുന്നത്. നാളെഓരോ തലമുറയുടെ സ്വപ്നവും അനുഭൂതിയും അടുത്ത തലമുറയിലേക്ക് വ്യാപിപ്പിക്കാൻ പുസ്തകത്തിന് കഴിയുമെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു. അക്ഷരായനത്തിന്റെ പ്രവർത്തനങ്ങൾ പ്രസക്തമാകുന്നത്പുസ്തകവായനയെ ജീവിതചര്യയാക്കുമ്പോൾ ആണ്.

കേരള സാക്ഷരത മിഷൻ ഡയറക്ടർ പ്രൊഫ. എ.ജി. ഒലീന ടീച്ചർ മുഖ്യപ്രഭാഷണം നടത്തി. ഇന്നത്തെ കാലഘട്ടത്തിൽ കെട്ടുകാഴ്ചകളിൽ അഭിരമിച്ച് കുട്ടികളും മുതിർന്നവരും കാഴ്ചയില്ലാത്തവരായി മാറുമ്പോൾ അക്ഷരായനം തുറന്നുകൊടുക്കുന്ന അറിവിന്റെ പാരസ്പര്യത്തെ കുറിച്ച് സമൂഹം വിലയിരുത്തണം.

അക്ഷരായനത്തിന്റെ ഉപഗ്രൂപുകളായി പ്രവർത്തിക്കുന്ന കർഷക മിത്രായനം സംഘടിപ്പിച്ച കാർഷിക പ്രദർശനം പത്തായം അക്ഷരായനം ചെയർപേഴ്സൺ കെ. എൻ. യാശോധരൻ ഉദ്ഘാടനം ചെയ്തു.

വായനയുടെ അപാര സാധ്യതകൾ തുറന്നിട്ട്കൊണ്ട് പുസ്തകങ്ങൾ പരസ്പരം കൈമാറുന്ന അക്ഷരായന സംരംഭം book bank അക്ഷരായനം വൈസ് ചെയർ പേഴ്സൺ ശ്രീ. ജ. ഗ. ശ്രീകുമാർ ഉദ്ഘാടനം ചെയ്തു.

ചിത്രകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിയായി തുടങ്ങിയ അക്ഷരായന സംരംഭം ചിത്രായനത്തിന്റെ നേതൃത്വത്തിൽ നടത്തിയ ചിത്ര പ്രദർശനം ചിത്രമാലിക അക്ഷരായനം അക്കാദമിക് കൺവീനർ ഡോ. ധനലക്ഷ്മി ഉദ്ഘാടനം ചെയ്തു.

അക്ഷരായനം വിവിധ ഗ്രൂപ്പുകളിൽ വിവിധ പംക്തികൾ കൈകാര്യം ചെയ്യുന്ന പ്രവർത്തർ, അക്ഷരായനത്തിൽ വിവിധ ഘട്ടങ്ങളിൽ സഹകരിച്ച പ്രിയ എഴുത്തുകാർ നന്ദിനി മേനോൻ, അരുൺ എഴുത്തച്ഛൻ, രമ മേനോൻ, സുധീർ പെരുമ്പിലാവ്,... തുടങ്ങിയവരുടെ സാന്നിധ്യത്താൽ ചടങ്ങ് അനുഗ്രഹീതമായി. അക്ഷരായനം ജനറൽ കൺവീനർ ഡോ.ബെന്നി ജേക്കബ്ബ്. സി.യോഗത്തിൽ പങ്കെടുത്തവർക്ക് നന്ദി രേഖപ്പെടുത്തി.

അക്ഷരായനം പ്രവർത്തക ശൈലജ വർമ യുടെ ബാലസാഹിത്യ കൃതി.. അദ്രിക, കൃഷി വിദഗ്ധ റ്യ. Esteleeta എഴുതിയ പച്ചക്കറി കൃഷി സഹായി, ദിനേശൻ കാരയിൽ എഴുതിയ കവിതകൾ സ്മരണാഞ്ജലി എന്നീ പുസ്തകങ്ങൾ ചടങ്ങിൽ പ്രകാശനം ചെയ്തു. കേരള ത്തിലെ ഓരോ ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത മികച്ച ലൈബ്രറിയൻ മാരെ ചടങ്ങിൽ ആദരിച്ചു.

അക്ഷരായനം വിവിധ ഗ്രൂപ്പുകളായി നടത്തിയ വായന മത്സരത്തിൽ വിജയിച്ച 150 ൽ പരം വായനക്കാരെ ചടങ്ങിൽ ആദരിച്ചു.

അവിട്ടത്തൂർ : പത്തു ദിവസം നീണ്ടുനിന്ന അവിട്ടത്തൂർ മഹാദേവ ക്ഷേത്രത്തിലെ തിരുവുത്സവം സമാപിച്ചു. ക്ഷേത്രകുളമായ അയ്യൻച്ചിറയിൽ നടന്ന ആറാട്ടിന് തന്ത്രി തെക്കെടത്ത് പെരുമ്പടപ്പ് ദാമോദരൻ നമ്പൂതിരി മുഖ്യ കാർമ്മികത്വം വഹിച്ചു. ആറാട്ടിനു ശേഷം ക്ഷേത്രമതിൽക്കകത്ത് 13 പ്രദക്ഷിണത്തിനു ശേഷം കൊടിയിറങ്ങി. കൊടിക്കൽ പറ , ആറാട്ടു കഞ്ഞി എന്നിവ നടന്നു.

സിയോൻ കൂടാര തിരുന്നാൾ സമാപിച്ചു

മുരിയാട്: ലോകമെമ്പാടുമുള്ള എംപറർ എമ്മാനുവൽ ചർച്ച് (സിയോൺ) വിശ്വാസികളുടെ മുഖ്യ തീർത്ഥാടന കേന്ദ്രമായ മുരിയാട് സീയോനിലെ ഈ വർഷത്തെ കൂടാര തിരുനാൾ ഇന്നലെ സമാപിച്ചു.

ഈ മാസം 18 ന് തിരുന്നാൾ ആരംഭിച്ചതു മുതൽ പതിനായിര കണക്കിന് വിശ്വാസികൾ എല്ലാ ദിവസവും സിയോനിൽ എത്തിയിരുന്നതായി ഭാരവാഹികൾ അറിയിച്ചു.

സമാപന ദിവസമായ ഇന്നലെ സഭാ അധ്യക്ഷൻ മോസ്റ്റ് റവറൻ ബിനോയ് മണ്ഡപത്തിലിന്റെ മുഖ്യ കാർമ്മികത്വത്തിൽ കുർബാനയും വചന പ്രഘോഷണവും നടന്നു. തുടർന്ന് സിയോൺ പതാകകളും കുരുത്തോലയും വഹിച്ചുകൊണ്ട് ദേവാലയത്തിന് ചുറ്റും നടത്തിയ പ്രദക്ഷിണവും ഭക്തി നിർഭരവും ആകർഷകവുമായി. കുടുംബസമേതം തിരുനാളിൽ പങ്കെടുത്ത എല്ലാ വിശ്വാസികളും വെള്ള വസ്ത്രങ്ങളും സിയോൺ തൊപ്പിയും ധരിച്ചിരുന്നതും തിരുനാളിന്റെ അവസാന ദിവസത്തെ പരിപാടികളുടെ പ്രത്യേകതയായി. വൈകിട്ട് നടന്ന സമാപന ചടങ്ങിൽ ജനപ്രതിനിധികളും രാഷ്ട്രീയ - സാമൂഹിക മേഖലകളിൽ നിന്നുള്ള നിരവധി പ്രമുഖ വ്യക്തികളും പങ്കെടുത്തു.

കേര പദ്ധതി: കാർഷിക മേഖലയുടെ സുസ്ഥിര വികസനം-ജില്ലാതല ശില്പശാല നടത്തി

തൃശൂർ: കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്ന ശാസ്ത്രീയ കൃഷി രീതികൾ, ഡിജിറ്റൽ കൃഷി രീതികൾ, മാനേജ്മന്റ് രീതികൾ എന്നിവയിലുള്ള സമഗ്രപരിശീലനത്തിനു മുന്നോടിയായി വിവിധ വിഭാഗങ്ങളിൽ പെട്ടവരുടെ പരിശീലന ആവശ്യങ്ങൾ നിര്ണയിക്കുന്നതിനുള്ള ജില്ലാതല ശില്പശാല സംഘടിപ്പിച്ചു. ലോകബാങ്കിന്റെ സഹകരണത്തോടെ കൃഷി വകുപ്പ് നടപ്പാക്കുന്ന കേരള ക്ലൈമറ്റ് റെസിലിയന്റ് അഗ്രി വാല്യൂ ചെയിൻ മോഡേണൈസേഷൻ (കേര) പദ്ധതിയുടെ ഭാഗമായാണ് പരിശീലനങ്ങൾ നടത്തുന്നത്.

കാർഷികമേഖലയുമായി ബന്ധപ്പെട്ട് കർഷകർ, വകുപ്പ് തല ഉദ്യോഗസ്ഥർ, കർഷക ഉത്പാദക സംഘടനകൾ (എജഹ)എന്നിവർക്ക് അറിവിലും നൈപുണ്യത്തിലുമുള്ള വിടവും പരിശീലന ആവശ്യങ്ങളും സമഗ്രമായി വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ പരിശീലന പദ്ധതികൾ രൂപീകരിക്കുക എന്നതാണ് ജില്ലാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന ഈ പ്രാരംഭ ശില്പശാലകളുടെ ലക്ഷ്യം. കർഷകർ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ, കർഷക ഉത്പാദക സംഘടനകൾ (എജഹ), കാർഷിക ശാസ്ത്രജ്ഞർ, കൃഷി സംരംഭകർ എന്നിവരുൾപ്പെടെ വിവിധ മേഖലകളിൽ നിന്നുള്ള പ്രതിനിധികളാണ് ശില്പശാലകളിൽ പങ്കെടുത്തത്.

ഓൾട്ടർനേറ്റ് വെറ്റിംഗ് ആൻഡ് ഡ്രയിംഗ് (അണഉ) സാങ്കേതികവിദ്യ, കാർബൺ ക്രെഡിറ്റ് വിപണിയിൽ പങ്കാളിത്തം, മണ്ണിന്റെ ആരോഗ്യ സംരക്ഷണം, ജല സംരക്ഷണം തുടങ്ങിയ ആധുനിക കാലാവസ്ഥാ-സൗഹൃദ കൃഷി രീതികളിൽ കർഷകരെ ശാക്തീകരിക്കുന്നതോടൊപ്പം, മാനേജ്മന്റ് മികവ്, ഡിജിറ്റൽ കൃഷി രീതികൾ എന്നിവയിൽ മികവ് മെച്ചപ്പെടുത്തി കാർഷിക മേഖലയുടെ സുസ്ഥിരത ഉറപ്പു വരുത്തുകയാണ് പരിശീലന പരിപാടിയുടെ ലക്ഷ്യം.

അതോടൊപ്പം കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഭരണ നിർവഹണം, മാനേജ്മന്റ്, ഡിജിറ്റൽ കൃഷിരീതികൾ, കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്ന ശാസ്ത്രീയ കൃഷി രീതികൾ, നൂതന സാങ്കേതിക വിദ്യകൾ എന്നിവയിലും പരിശീലനം നൽകുന്നു.

കാർഷിക സർവകലാശാലയുടെ മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ നടന്ന ശില്പശാലയുടെ ഉത്ഘാടനം പ്രമുഖ കാർഷിക വിദഗ്ധൻ ഡോ.മധു സുബ്രഹ്മണ്യൻ നിർവ്വഹിച്ചു. കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്ന സുസ്ഥിര കൃഷിയിലൂടെ കേരളത്തിന്റെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തിലേക്കുള്ള സുപ്രധാന ചുവടുവയ്പാണ് ഈ പരിശീലന പരിപാടികളെന്നവർ പറഞ്ഞു. കേര തൃശൂർ റീജ്യണൽ പ്രൊജക്റ്റ് ഡയറക്ടർ പി.ഉണ്ണിരാജൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ കെ.കെ.മോഹനൻ, ലിജോ പ്ലാക്കൽ, രാജേന്ദ്രൻ.എം.വി., ശ്രീലക്ഷ്മി ദാസ്, കേര ഡെപ്യൂട്ടി റീജിയണൽ ഡയറക്ടർ ജോസഫ് ജോൺ തേറാട്ടിൽ , പ്രോജക്ട് മാനേജർ പ്രിയ വല്ലാട്ട്, എസ്.ശ്രീകല തുടങ്ങിയവർ സംസാരിച്ചു. വിവിധ ജില്ലകളിൽ നടക്കുന്ന ശില്പശാലയുടെ അടിസ്ഥാനത്തിൽ പരിശീലന ആവശ്യകത പഠനത്തിനുള്ള സർവേയുടെ ചോദ്യാവലിക്കും നടപടിക്രമങ്ങൾക്കും അന്തിമരൂപം നൽകും. ഇതിനെത്തുടർന്ന് എല്ലാ പഞ്ചായത്തുകളിലും കർഷകരുടെ പരിശീലനാവശ്യങ്ങൾ വിലയിരുത്തുന്ന സർവേ ആരംഭിക്കും.

നിര്യാതയായി

വിലാസിനി

ചേർപ്പ്: വടക്കൂട്ട് വിലാസിനി (87) നിര്യാതയായി. ഭർത്താവ് പരേതനായ കുട്ടപ്പൻ. മക്കൾ-വേണു, തങ്കം, വി കെ വിക്രമൻ (ലേബർ പാർട്ടി), ശോഭന (നഴ്സ്, രോഹിണി ആശുപത്രി ചേർപ്പ്). മരുമക്കൾ-പരേതയായ മിനി, രാധിക, ഗോപി, മോഹനൻ. സംസ്കാരം വീട്ടുവളപ്പിൽ നടത്തപ്പെട്ടു.

എൽ. ഡി. എഫ് സർക്കാരിന് അഭിനന്ദിച്ച് ജനത ലോയേഴ്സ് സെന്റർ

തൃശൂർ: അഭിഭാഷക ക്ഷേമ നിധി 20 ലക്ഷം രൂപയാക്കി മാറ്റിയ എൽഡിഎഫ് സർക്കാരിനെ ജനത ലോയേഴ്സ് സെന്റർ തൃശൂർ ജില്ലാ കമ്മിറ്റി അഭിനന്ദിച്ചു. കേരളത്തിലെ ആയിരക്കണക്കിന് വരുന്ന അഭിഭാഷകർക്ക് സുരക്ഷിതത്വം നൽകാൻ എൽ.ഡി.എഫ് സർക്കാരിന് സാധിച്ചുവെന്ന് ഇന്ത്യൻ സോഷ്യലിസ്റ്റ് ജനതാദൾ ജില്ലാപ്രസിഡന്റ് അഡ്വ ക്കേറ്റ് സി.ടി ജോഫി പ്രസ്താവിച്ചു. ജനത ലോയേഴ്സ് സെന്റർ ജില്ലാ പ്രസിഡന്റ് അഡ്വ. എ. എൻ.ഹരീഷ്, അഡ്വ. എ. എസ്.സാബിത്ത്, അഡ്വ അഡ്വ ദീപക്ക് പുങ്കുന്നം, അഡ്വ. അനൂപ് പി. ആർ, അഡ്വ അഭിഷേക്. എസ് അറക്കൽ, അഡ്വ. വിവേക്. കെ, അഡ്വ. സൂരജ് എന്നിവർ പ്രസംഗിച്ചു.

ഉപഭോക്തൃവിധി പാലിച്ചില്ല, ഫ്രിഡ്ജ് ഹൗസ് എം ഡിക്കും, എൽ ജി ഇലക്ട്രോണിക്സ് എം ഡിക്കും ഡി ജി പി മുഖേനെ വാറണ്ട്

തൃശൂർ: വിധി പാലിക്കാതിരുന്നതിനെത്തുടർന്ന് ഫയൽ ചെയ്ത ഹർജിയിൽ വ്യാപാരിക്കും, ടി വി നിർമ്മാതാവിനുമെതിരെ ഡി ജി പി മുഖേനെ വാറണ്ട് അയക്കുവാൻ ഉത്തരവ്. തൃശൂർ കട്ടിളപൂവ്വം വെട്ടിക്കാട്ടിൽ വീട്ടിൽ സുഭാഷ് .വി.എം.ഫയൽ ചെയ്ത ഹർജിയിലാണ് തൃശൂർ കുറുപ്പം റോഡിലുള്ള ഫ്രിഡ്ജ് ഹൗസ് റീട്ടെയിൽ പി ലിമിറ്റഡിന്റെ മാനേജിങ്ങ് ഡയറക്ടർക്കെതിരെയും കൊച്ചി ഇടപ്പള്ളിയിലെ എൽ ജി ഇലക്ട്രോണിക്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ മാനേജിങ്ങ് ഡയറക്ടർക്കെതിരെയും ഇപ്രകാരം വാറണ്ട് അയക്കുവാൻ ഉത്തരവായത്. എൽ ഇ ഡി ടി വി വാങ്ങി തകരാറിലായതിനെത്തുടർന്ന് ഫയൽ ചെയ്ത ഹർജിയിൽ ടിവി ഒരു മാസത്തിനുള്ളിൽ മാറ്റി നൽകുവാനും അപ്രകാരം പ്രവർത്തിക്കാതിരുന്നാൽ ടി വി യുടെ വിലയായ 67250 രൂപയും 12% പലിശയും നൽകുവാനും വിധിയായിരുന്നു. വിധി പാലിക്കാതിരുന്നതിനെത്തുടർന്ന് എതിർകക്ഷികളെ ശിക്ഷിക്കുവാൻ ആവശ്യപ്പെട്ട് വീണ്ടും സുഭാഷ് ഉപഭോക്തൃ കോടതിയെ സമീപിക്കുകയായിരുന്നു. ഹർജി പരിഗണിച്ച പ്രസിഡണ്ട് സി.ടി.സാബു, മെമ്പർമാരായ ശ്രീജ.എസ്., ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃ കോടതി എതിർകക്ഷികൾക്ക് ഡി ജി പി മുഖേനെ വാറണ്ട് അയക്കുവാൻ കല്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയായിരുന്നു. പല തവണ വാറണ്ട് പുറപ്പെടുവിച്ചിട്ടും എതിർകക്ഷികളെ പോലീസ് നേരത്തെ അറസ്റ്റ് ചെയ്യുകയുണ്ടായില്ല. 2026 ഏപ്രിൽ 19നാണ് തുടർ നടപടിക്കായി കേസ് വെച്ചിട്ടുള്ളത്. വിധി പാലിക്കാതിരുന്നതിന് മൂന്ന് വർഷം വരെ തടവ് ശിക്ഷയും പിഴയും വിധിക്കുവാൻ ഉപഭോക്തൃ കോടതിക്ക് അധികാരമുള്ളതാകുന്നു. ഹർജിക്കാരന് വേണ്ടി അഡ്വ.ഏ.ഡി.ബെന്നി ഹാജരായി വാദം നടത്തി.

ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജിൽ ലിംഗസമത്വ കോൺഫറൻസിനു സമാപനം

ഇരിങ്ങാലക്കുട: സെന്റ് ജോസഫ്സ് കോളേജിൽ സാമൂഹ്യ പ്രവർത്തന വിഭാഗം സംഘടിപ്പിച്ച ലിംഗസമത്വത്തെ ആസ്പദമാക്കിയ ദ്വിദിന അന്തർദേശീയ സമ്മേളനത്തിന്റെ രണ്ടാം ദിവസം പ്രാധാന്യമേറിയ അക്കാദമിക് ചർച്ചകളോടെ നടന്നു. പാട്ന, നോതൃദാം അക്കാദമിയിലെ ജൻഡർ ആൻഡ് വുമൺ പ്രോഗ്രാമർ സിസ്റ്റർ സുജിത, ദരിദ്ര വനിതകളെ സമൂഹത്തിൽ ഏകോപിപ്പിക്കുന്നതിലെ വെല്ലുവിളികളെക്കുറിച്ച് പ്രഭാഷണം നടത്തി. ദാരിദ്ര്യം, വിദ്യാഭ്യാസക്കുറവ്, ലിംഗവിവേചനം തുടങ്ങിയവയാണ് വനിതാ ശാക്തീകരണത്തിന് മുന്നിലെ പ്രധാന തടസ്സങ്ങളെന്ന് അവർ ചൂണ്ടിക്കാട്ടി. അവബോധ സൃഷ്ടിയും തുടർച്ചയായ പങ്കാളിത്തവുമാണ് മാറ്റത്തിന് വഴിയൊരുക്കുന്നതെന്നും സിസ്റ്റർ സുജിത പറഞ്ഞു. യു.എൻ. യൂണിവേഴ്സിറ്റിയുടെ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഗ്ലോബൽ ഹെൽത്ത്, മലേഷ്യയിൽ ലിംഗസമത്വവും ഇന്റർസെക്ഷനാലിറ്റിയും സംബന്ധിച്ച നയഗവേഷണ വിഭാഗത്തിന്റെ മേധാവി ആയി പ്രവർത്തിക്കുന്ന ഡോ. ജോഹന്ന റീഹ, വികസന മാതൃകയിൽ ലിംഗസമത്വം എന്ന വിഷയത്തെക്കുറിച്ച് സംസാരിച്ചു; വികസനം സുസ്ഥിരവും സമഗ്രവുമായിരിക്കണമെങ്കിൽ എല്ലാ തലങ്ങളിലും ലിംഗസമത്വം ഉറപ്പാക്കുന്നത് അനിവാര്യമാണെന്ന് അവർ ഊന്നിപ്പറഞ്ഞു. തുടർന്ന് വിമല കോളേജ് (ഓട്ടോണമസ്), തൃശൂരിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. ജയ ചെറിയാൻ 'ജെൻഡർ സെൻസിറ്റീവ് പെഡഗോജിയും ഇൻക്ലൂസീവ് കരിക്കുലവും' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. ഡോ. ജയ ചെറിയാനെ ആദരിക്കുന്ന പ്രത്യേക ചടങ്ങും സംഘടിപ്പിച്ചു. വിവിധ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ സെമിനാർ അവതരണവും നടന്നു. ശേഷം നടന്ന പാനൽ ചർച്ചയിൽ ലിംഗസമത്വവും സാമൂഹിക നീതിയും സംബന്ധിച്ച വിഷയങ്ങൾ വിശദമായി വിലയിരുത്തി. തൃശൂർ ജില്ലാ കളക്ടറേറ്റിലെ സീനിയർ സൂപ്രണ്ട് പണ്ടു സിന്ധു (LSGD), തൃശൂർ സിറ്റി അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് അപർണ ലവകുമാർ, കണ്ണൂർ സർവകലാശാലയിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ.കവിത ബാലകൃഷ്ണൻ, എന്നിവർ പങ്കെടുത്തു.

അക്ഷര കരോളിന്റെ ഉദ്ഘാടനം

വിയ്യൂർ: ഗ്രാമീണ വായനശാലയിലെ അക്ഷര കരോളിന്റെ ഉദ്ഘാടനം തൃശ്ശൂർ ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് പ്രൊഫ. എം .ഹരിദാസ് വായനശാല സെക്രട്ടറി പി. ഉദയകുമാറിന് പതാക നൽകിക്കൊണ്ട് നിർവഹിച്ചു. വീടുകളിലേക്ക് ഭരണഘടനയുടെ ആമുഖം നൽകുന്നതിന്റെ ഉദ്ഘാടനം പ്രസിഡന്റ് സന്തോഷ് .കെ .എഫ് നിർവഹിച്ചു. വിയ്യൂർ സെന്റ് ഫ്രാൻസിസ് സ്കൂൾ ഹെഡ്മിസ്ട്രസ് ദിവ്യ. ഐ .ആർ, ലസിത . പി.എം, ജോയ്സി. എ. ജെ, നിത നിഷീദ്, സുരേഷ് കുമാർ .എം. എസ്, ബേബി സിന്ധു, കൃഷ്ണവേണി, ലളിതാംബിക വിയ്യൂർ എന്നിവർ നേതൃത്വം നൽകി.

നിര്യാതനായി

കെ എം അബ്ദുള്ള

വാടാനപ്പള്ളി: മുസ്ലിം ലീഗ് നേതാവും ഗ്രാമ പഞ്ചായത്ത് മുൻ വൈസ് പ്രസിഡണ്ടുമായ കെ എം അബ്ദുള്ള (74) (പരേതനായ കോമളത്ത് മുഹമ്മദ് മകൻ) നിര്യാതനായി.

ഭാര്യ: ആരിഫ, മക്കൾ: നിസാർ, നാസിയ, നൗഫൽ മരുമകൾ: ജിൻഷ. കബറടക്കം രാവിലെ 11 മണിക്ക് തെക്കെ ജുമാ മസ്ജിദ് ഖബർസ്ഥാനിൽ. എസ് ടി യു പ്രവർത്തകനായി ബീഡിത്തൊഴിലാളി സമരത്തിൽ സജീവമായ അബ്ദുള്ള,1988നു ശേഷം 22 കൊല്ലം വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് അംഗമായും അതിൽ തന്നെ ഏഴു കൊല്ലം വൈസ് പ്രസിഡണ്ടായും പ്രവർത്തിച്ചു. മുസ്ലിം ലീഗ് പഞ്ചായത്ത് ജനറൽ സെക്രട്ടറി, പ്രസിഡണ്ട്, നാട്ടിക നിയോജക മണ്ഡലം ജനറൽ സെക്രട്ടറി, ദീർഘകാലം ജില്ലാ പ്രവർത്തക സമിതി അംഗം എന്നീ ചുമതലകൾ വഹിച്ചിട്ടുണ്ട്. ചാവക്കാട് താലൂക്ക് സിവിൽ സപ്ലൈസ് അഡ്വൈസറി ബോർഡ് മെമ്പർ, താലൂക്ക് ലാൻഡ് ട്രിബ്യൂണൽ അഡ്വൈസറി ബോർഡ് മെമ്പർ പദവികളും വഹിച്ചിട്ടുണ്ട്.

മണലൂർ പതിനെട്ടാം വാർഡിൽ തണ്ണീർകുളങ്ങൾ മണ്ണിട്ട് നികത്തി

മണലൂർ: മണലൂർ പഞ്ചായത്ത് പതിനെട്ടാമ് വാർഡിൽ വിളക്കും കാൽ തെക്ക് കോരൻസ് റോഡരുകിലെ ഇരു വശത്തുമുള്ള രണ്ട് തണ്ണീർകുളങ്ങൾ ഭൂമാഫിയ മണ്ണിട്ട് നികത്തിയതിനെതിരെ വിവിധ സംഘടനകൾ പ്രതിഷേധവുമായിരംഗത്ത്. ഒരു കുളം പൂർണ്ണമായും, മറ്റൊരു കുളം ഭാഗികമായുമാണ് നികത്തിയത്.വിവരമറിഞ്ഞ് വ്യാഴാഴ്ച്ച രാവിലെ സ്ഥലത്തെത്തിയ സി പി ഐ എം, കേരള കർഷക സംഘം, കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, പ്രവർത്തകർ സംയുക്തതമായി നികത്തൽ തടഞ്ഞ് കൊടികുത്തി സമരം ചെയ്തു.മണലൂർ പഞ്ചായത്ത് പ്രസിഡൻറ് സിജി മോഹൻദാസ്, പഞ്ചായത്ത് അംഗം പ്രസന്ന മനോജ്,

സി പി ഐ എം കാരമുക്ക് ബ്രാഞ്ച് സെക്രട്ടറിനെൽസൺ വി മാത്യു, കേരള കർഷകസംഘം മേഖല ഭാരവാഹികളായ കെ എ ബാലകൃഷ്ണൻ, ഇ എസ്.ഷാജു, എൻ കെ അശോകൻ, ശാസ്ത്രസാഹിത്യ പരിഷത്ത് ജില്ല കമ്മിറ്റി അംഗം കെ ആർ അനിൽ കുമാർ, അന്തിക്കാട് മേഖല ഭാരവാഹികളായ എ ഉണ്ണികൃഷ്ണൻ, കെ എ അജീഷ്, എൻ കെ വിജയൻ, ടി എസ് ഷാജി.തുടങ്ങിയവർ സംസാരിച്ചു.

കാരമുക്ക് താമരപ്പിള്ളി മഹാവിഷ്ണു ക്ഷേത്ര കുളത്തിൽ നിന്നും പരമ്പരാഗതമായി വെള്ളമൊഴുകി പോയിരുന്ന തോടും അനുബന്ധ കുളങ്ങളിൽ ഒന്ന് പൂർണ്ണമായും,മറ്റൊന്ന്ഭാഗി മായുംനികത്തി കഴിഞ്ഞതോടെ ഈ ദേശത്ത് വേനൽകാലത്ത് കിണറുകളിലേക്കുള്ള നീരുറവ ശോഷിയ്ക്കുമെന്നും, വർഷകാലത്ത് യാത്ര സൗകര്യങ്ങളെ ബാധിയ്ക്കുന്ന രീതിയിൽ വെള്ളകെട്ടുകുമെന്നു മാണ് നാട്ടുകാർ പറയുന്നത്. ജനങ്ങളുടെ ആശങ്ക പരിഹരിയ്ക്കണമെന്നും, കുളങ്ങളിലെ മണ്ണ് കണ്ട് കെട്ടി എടുത്ത് മാറ്റണമെന്നുമാവശ്യവുമായി വരുംദിവസങ്ങളിൽ ജാഥയും സമരവും സംഘടിപ്പിക്കുമെന്ന് കർഷകസംഘം നേതാക്കൾ പറഞ്ഞു.

അനധികൃതമായി നികത്തിയ കുളങ്ങൾ പൂർവ്വസ്ഥിതിയിലാക്കാൻ ആവശ്യമായ ഇടപ്പെടലുകൾ നടത്തുമെന്നും ഇത് സംബന്ധിച്ച് മുഖ്യമന്ത്രി, റവന്യൂ മന്ത്രി, ത്രിതല പഞ്ചായത്ത് വകുപ്പ് മന്ത്രി, ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ, തുടങ്ങിയവർക്ക് പരാതി നൽകിയതായി കേര